"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2021-23 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച ബാച്ചുകളും ഷിഫ്റ്റ് ചെയ്ത ബാച്ചുകളും അപ്രകാരം നിലനിർത്തി ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.118/2022/GEDN   തീയതി,തിരുവനന്തപുരം, 07-07-2022

---

പരാമർശം:- 1. സ.ഉ(കൈ) നം.287/2021/പൊവിവ തീയതി 22.12.2021

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.07.2022 ലെ ICT Cell/1771/1/DGE-HSE/2022 നമ്പർ കത്ത്

**ഉത്തരവ്**

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പരാമർശം 1 പ്രകാരം, 2021-23 അദ്ധ്യയന വർഷത്തേയ്ക്ക് മാത്രമായി 18 സയൻസ് ബാച്ചുകളും 49 ഹ്യുമാനിറ്റീസ് ബാച്ചുകളും 8 കോമേഴ്സ് ബാച്ചുകളും താൽക്കാലികമായി അനുവദിച്ചും കൂടാതെ, 2 സയൻസ് ബാച്ചുകളും ഓരോ ഹ്യുമാനിറ്റീസ്, കോമേഴ്സ് ബാച്ചും താല്ക്കാലികമായി ഷിഫ്റ്റ് ചെയ്യുന്നതിനും അനുമതി നല്കി ഉത്തരവായിരുന്നു. ഇപ്രകാരം താല്ക്കാലികമായി അനുവദിച്ച ബാച്ചുകൾ ഈ അധ്യയന വർഷവും നിലനിർത്തണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം 1 പ്രകാരം താല്ക്കാലികമായി അനുവദിച്ച ബാച്ചുകൾ ഈ അധ്യയന വർഷവും അതേപടി തുടരുവാൻ അനുമതി നൽകി ഉത്തരവാകുന്നു. അതോടൊപ്പം, കണ്ണൂർ കെ.കെ.എൻ പരിയാരം സ്മാരക പരിയാരം സ്കൂളിൽ ഒരു കോമേഴ്സ് ബാച്ചും(കോഴ്സ് കോഡ് 39) ഒരു ഹ്യുമാനിറ്റീസ് ബാച്ചും(കോഴ്സ് കോഡ് 23) ഈ അധ്യയന വർഷത്തേയ്ക്ക്മാത്രം താൽക്കാലികമായി അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം

എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

വെബ്&ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Priyanka T V**
**Date: 07-07-2022 18:16:01**
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.